ശബരിമലയിലെ പ്രശ്നം വഷളാക്കിയത് സർക്കാർ; ബി ജെ പിയുടേത് മുതലെടുപ്പ് രാഷ്ട്രീയം: കെ സി വേണുഗോപാൽ എം പി

പയ്യന്നൂർ: ശബരിമലയെ സംഘർഷഭൂമിയാക്കി രാഷ്ട്രീയ ലാഭം കൊയ്യാനാണ് മാർക്സിസ്റ്റ് പാർട്ടിയും ബി ജെ പിയും ശ്രമിക്കുന്നതെന്ന് കോൺഗ്രസ്സ് പ്രവർത്തക സമിതി അംഗവും എ.ഐ.സി സി ജനറൽ സെക്രട്ടറിയുമായ കെ.സി.വേണുഗോപാൽ എം.പി പറഞ്ഞു.

പയ്യന്നൂർ കോളേജ് കെ.എസ്.യു പൂർവ്വ വിദ്യാർത്ഥി സംഗമം കോളേജ് ഓഡിറ്റോറിയത്തിൽ സജ്ജമാക്കിയ സജിത് ലാൽ നഗറിൽ ഉൽഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.ശബരിമലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പകരം ആളിക്കത്തിക്കാനാണ് ഇരുകൂട്ടരും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വിശ്വാസത്തിന്റെ പേരിൽ വർഗ്ഗീയത ഇളക്കിവിട്ട് മുതലെടുപ്പിന് ഇറങ്ങിയ സംഘ് പരിവാർ ശക്തികൾക്ക് അതിനുള്ള എല്ലാ വിധ ഒത്താശയും ചെയ്തു കൊടുക്കുകയാണ് കേരളത്തിലെ സർക്കാർ ചെയ്യുന്നത്.ഇതിന് പിന്നിൽ മാർക്സിസ്റ്റ് പാർട്ടിയും ബി ജെ പിയും തമ്മിലുള്ള ഒത്തു കളിയാണെന്നും വേണുഗോപാൽ ആരോപിച്ചു.ശബരിമലയിലെ സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് ഉണ്ടായ പ്രശ്നം പരിഹരിക്കേണ്ട മുഖ്യമന്ത്രി അത് സങ്കീർണ്ണമാക്കുകയാണ് ചെയ്തത്.എന്നാൽ ഈ പ്രശ്നം കൈകാര്യം ചെയ്യാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി ഒരു ഓർഡിനൻസിലൂടെബി.ജെ.പിക്കും സാധിക്കുമെന്നിരിക്കേ അതിന് ശ്രമിക്കാതെ മുതലെടുപ്പ് രാഷ്ട്രീയത്തിനാണ് ബി.ജെ.പിയും ശ്രമിക്കുന്നതെന്ന് വേണുഗോപാൽ പറഞ്ഞു.ക്ഷേത്രആചാരങ്ങളും വിശ്വാസങ്ങളും നില നിന്ന് പോകണം. അത് തകർക്കാനും വിശ്വാസികളെ വെല്ലുവിളിക്കാനും ശ്രമിക്കുന്നത് ഒരു ഭരണാധികാരിക്കും ഭൂഷണമല്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.സംഘാടക സമിതി ചെയർമാൻ കെ.പി.രാജേന്ദ്രൻ അധ്യക്ഷത വഹിച്ചു.എം.കെ.രാഘവൻ എം.പി, ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി, എം.കെ.രാജൻ, അഡ്വ.കെ.ബ്രിജേഷ് കുമാർ, കെ.കെ.വേണുഗോപാലൻ, കെ.കെ.സുരേഷ്, മുഹമ്മദ് ഷമ്മാസ് ,പ്രകാശ് ബാബു തുടങ്ങിയവർ പ്രസംഗിച്ചു.

ഗുരു വന്ദനം പരിപാടി നെഹറു കോളേജ് മുൻ പ്രിൻസിപ്പാൾ പുഷ്പജ ഉൽഘാടനം ചെയ്തു.കെ.എസ്.യു സംഗമത്തിന് തുടക്കം കുറിച്ച് കെ.പി.സി.സി നിർവ്വാഹക സമിതി അംഗം എം.നാരായണൻകുട്ടി പതാക ഉയർത്തി. കെ.പി.ശ്രീധരൻ അധ്യക്ഷത വഹിച്ചു.

പയ്യന്നൂർ കോളേജ് കെ.എസ്.യു പൂർവ്വ വിദ്യാർത്ഥി സംഗമം കോൺഗ്രസ്സ് പ്രവർത്തക സമിതി അംഗം കെ.സി.വേണുഗോപാൽ എം.പി ഉജ്ഘാടനം ചെയ്യുന്നു

ആദ്യ സമ്പൂർണ അക്ഷയ ബ്രാന്റഡ് ജില്ലയായി കണ്ണൂർ മാറും: മന്ത്രി

കണ്ണൂർ: കേരളത്തിലെ ആദ്യത്തെ സമ്പൂർണ അക്ഷയ ബ്രാന്റഡ് ജില്ലയായി കണ്ണൂരിനെ മാറ്റുന്നതിനുള്ള പ്രഖ്യാപനം തുറമുഖ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിച്ചു. കണ്ണൂർ യൂണിവേഴ്സിറ്റി ഓഡിറ്റോറിയത്തിൽ നടന്ന അക്ഷയ 16ാം വാർഷികാഘോഷത്തിന്റെ ഭാഗമായാണ് മന്ത്രി ഈ പ്രഖ്യാപനം നടത്തിയത്. ഈ വർഷം ഡിസംബർ 31നകം പദ്ധതി പൂർത്തീകരിക്കുകയാണ് ലക്ഷ്യം. ഇതോടെ അക്ഷയ കേന്ദ്രങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകും. വാർഷികാഘോഷവും കുടുംബ സംഗമവും മന്ത്രി ഉദ്ഘാടനം ചെയ്തു. ഇന്ന് സർക്കാർ സർക്കാരിതര സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ വലിയ പങ്കാണ് അക്ഷയകേന്ദ്രങ്ങൾ വഹിക്കുന്നത്. അനുദിനം വളർന്നു കൊണ്ടിരിക്കുന്ന സാങ്കേതികവിദ്യയുടെ മാറ്റങ്ങൾക്ക് അനുസൃതമായി ഉയർന്നു പ്രവർത്തിക്കാൻ നമുക്ക് സാധിക്കണമെന്നും അദ്ദേഹം പറഞ്ഞു. അക്ഷയ ജില്ലാ കോ ഓർഡിനേറ്റർ കൂടിയായ ജില്ലാ പ്ലാനിംഗ് ഓഫീസർ കെ പ്രകാശൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കേരള സ്റ്റേറ്റ് ഐ ടി മിഷൻ ജില്ലാ പ്രോജക്ട് മാനേജർ മിഥുൻ കൃഷ്ണ സി എം, പ്രോജക്ട് അസിസ്റ്റന്റ് ദീപാങ്കുരൻ കെ, അക്ഷയ ജില്ലാ കൺവീനർ സന്തോഷ് വി, ബ്ലോക്ക് കോഓർഡിനേറ്റർ ആർ ഹിരേഷ്, പ്രോഗ്രാം കമ്മിറ്റി കൺവീനർ കെ കെ ദീപക് സംസാരിച്ചു. ട്രെയിനർ വി വേണുഗോപാലിന്റെ മോട്ടിവേഷൻ ക്ലാസ്സ്, എം സി പ്രകാശൻ സംഘത്തിന്റെ നാടൻ പാട്ട്, അക്ഷയ സംരംഭകർ, ജീവനക്കാർ, കുടുംബാംഗങ്ങൾ എന്നിവരുടെ കലാപരിപാടികൾ തുടങ്ങിവയും ആഘോഷത്തിന്റെ ഭാഗമായി നടന്നു.

അക്ഷയ വാർഷികാഘോഷം യൂനിവേഴ്സിറ്റി ഓഡിറ്റോറിയത്തിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു

ഹർത്താലിന് പിന്നാലെ റോഡ് ഉപരോധവും ജനം ദുരിതക്കയത്തിലായി

കണ്ണൂർ:ഹർത്താലിന് പിന്നാലെ റോഡ് തടയലും ജനം ദുരിതക്കയത്തിലായി.ഹിന്ദുഐക്യവേദി സംസ്ഥാന അധ്യക്ഷ ശശികലയെ അറസ്റ്റ് ചെയ്ത സംഭവത്തിൽ പ്രതിഷേധിച്ച് ശനിയാഴ്ച അറസ്റ്റ് ചെയ്തതിന്റെ പേരിൽ ഹർത്താൽ നടത്തി ജനങ്ങളെ ദുരിതത്തിലാക്കിയബി ജെ പിയും ശബരിമല വിശ്വാസ സംരക്ഷകരുമാണ് ഹർത്താൽ നടത്തിയത്. പൊടുന്നനെയുള്ള ഹർത്താൽ ജനങ്ങൾക്കുണ്ടായ ദുരിതം പറഞ്ഞറിയിക്കാനാവാത്തതാണ്. ഇതിന് തൊട്ട് പിന്നാലെയാണ് ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി കെ. സുരേന്ദ്രനെ ശബരിമലയിൽ പൊലിസ് അറസ്റ്റുചെയ്തതിൽ പ്രതിഷേധിച്ച് ഇന്നലെ സംസ്ഥാന വ്യാപകമായി റോഡ് ഉപരോധ സമരം നടത്തിയത്. കാലത്ത11.30നാണ് കണ്ണൂരിൽ ഉപരോധ സമരം നടത്തിയത്. റോഡ് ഉപരോധ സമരം കാരണം വാഹന ഉടമകളും യാത്രക്കാരും ഒന്നാകെ മണിക്കൂറുകളോളം വെയിലിൽ തളർന്നു. ഉപരോധം സംസ്ഥാന സെൽ കോർഡിനേറ്റർ കെ. രഞ്ജിത്ത് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് പി. സത്യപ്രകാശ്, കെ.കെ വിനോദ്കുമാർ, എ.പി ഗംഗാധരൻ, ആനിയമ്മ രാജേന്ദ്രൻ, ഭാഗ്യശീലൻ ചാലാട്, സി.സി രതീഷ്, എം.കെ വിനോദ്കുമാർ, ആർ.കെ ഗിരിധരൻ, പി.കെ വേലായുധൻ, കെ. രാധാകൃഷ്ണൻ ബാലകൃഷ്ണൻ പടഷേങ്ങാട് എന്നിവർ സംസാരിച്ചു. ദേശീയപാത ഉപരോധത്തെ തുടർന്ന് വാഹനങ്ങൾ പൊലിസ് മറ്റു വഴിയിലൂടെ തിരിച്ചുവിട്ടു. എന്നാൽ ദേശീയപാത വഴി എത്തിയ മൂന്ന് ആംബുലൻസുകൾ കടന്നുപോകാനായി സമരക്കാർ വഴിമാറിക്കൊടുത്തു. 12.30 നാണ് സമരം അവസാനിപ്പിച്ചത്. സംഘർഷസാധ്യത കണക്കിലെടുത്ത് നിരവധി പൊലിസുകാർ സ്ഥലത്തുണ്ടായിരുന്നെങ്കിലും അനിഷ്ടസംഭവങ്ങളൊന്നുമുണ്ടായില്ല.

സ്വീകരണം നൽകി

ശ്രീകണ്ഠാപുരം: കേരള ജനപക്ഷം സംഘടനയിൽ നിന്നും മറ്റ് പാർട്ടികളിൽ നിന്ന് കേരളാ കോൺഗ്രസ്സി (ജേക്കബ്) ൽ ചേർന്ന 50 ഓളം പേർക്ക് നടുവിൽ ചേർന്ന യോഗം മെമ്പർഷിപ്പ് നൽകിസ്വീകരിച്ചു. സ്വീകരണ യോഗം ജില്ലാ ജനറൽ സെക്രട്ടറി ജോസ് വണ്ടാക്കുന്നേൽ ഉദ്ഘാടനം ചെയ്തു. നിയോജക മണ്ഡലം പ്രസിഡന്റ് കെ.പി.ബി നോജ് അധ്യക്ഷത വഹിച്ചു. സജി കാട്ടുവിള,ജിൻസ ജോസഫ് നെടിയകാല, ചാക്കോ കൊല്ലം പറമ്പിൽ, എ.വി.വിജയൻ, എം.രാജീവൻ, എൻ.വി.വിജയൻ, ജോയി വിളക്കന്നൂർ, തോമസ് കൂട്ടുങ്കൽ ,കെ ബിപിൻ, നിതിൽ ആന്റണി, ജോർജ് വാഴകുണ്ടം എന്നിവർ പ്രസംഗിച്ചു.

കുടിവെള്ളം പാഴാകുന്നത് തുടർക്കഥയാവുന്നു

കൊളച്ചേരി: റോഡ് സൈഡിൽ സ്ഥാപിക്കുന്ന ശുദ്ധജല പൈപ്പുകളിൽ നിന്നും വെള്ളം പാഴായി പോകുന്നത് തുടർ കഥയാവുന്നു.കമ്പിൽ കെ.എൽ.ഐ.സി ആശുപത്രിക്ക് സമീപം കുടിവെള്ള ക്കുഴൽ പൊട്ടി വെള്ളം പഴാകുന്നതാണ് ഇന്ന് രാവിലെ മുതൽ ജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടത്. ജലവിതരണം നടക്കുന്ന ദിവസങ്ങളിലൊക്കെ ഇവിടെ ഇങ്ങിനെ വെള്ളം ഒഴുകുന്നുണ്ടെന്നു നാട്ടുകാർ പരാതി പറയുന്നുണ്ട്. ബന്ധപ്പെട്ട അധികാരികൾ ഉചിത നടപടി കൈക്കൊണ്ട് ശുദ്ധജലം പാഴാകുന്നതിന് പരിഹാരം കാണണമെന്ന് നാട്ടുകാർ ആവശ്യപ്പെടുന്നു.

കമ്പിൽ കെ.എൽ.ഐ.സി ആശുപത്രിക്ക് സമീപം കുടിവെള്ളക്കുഴൽ പൊട്ടി വെള്ളം പഴാകുന്നു

സമാധാന യോഗത്തിനു ശേഷവും വിളക്കണ്ണൂരിൽ സി പി എം അക്രമം

നടുവിൽ: രണ്ട് ദിവസം മുമ്പ് കുടിയാൻമല പോലീസ് സ്റ്റേഷനിൽ ഡി. വൈ.എസ്.പി യുടെ നേതൃത്വത്തിൽ നടന്ന സമാധാന യോഗത്തിന് ശേഷവും വിളക്കണ്ണൂരിൽ സി പി എം ആക്രമണം. അക്രമത്തിൽ പരിക്കേറ്റ യൂത്ത് ലീഗ് ശാഖാ ട്രഷറർ കറുത്താണ്ടീരകത്ത് ജബ്ബാറിനെ (27) തളിപ്പറമ്പ് ലൂർദ്ദ് ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു..ഇന്നലെ രാവിലെ 11 മണിയോടെ കരുവഞ്ചാലിൽ നിന്ന് വിളക്കണ്ണൂരിലെ വീട്ടിലേക്ക് ബൈക്കിൽ വരുമ്പോൾ വിളക്കണ്ണൂർ ടൗണിൽ വെച്ച് ഇരുപതോളം പേരാണ് ജബ്ബാറിനെ ആക്രമിച്ചത്. കൈവശമുണ്ടായിരുന്ന 45000 രൂപയും തട്ടിയെടുക്കുകയും ചെയ്തു. വിളക്കണ്ണൂർ പാർട്ടി ഗ്രാമമാണെന്നും ഇവിടെ മറ്റാരും വേണ്ടെന്നും പറഞ്ഞാണത്രെ അക്രമം നടത്തിയത്.പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്ന ജബ്ബാറിനെ ഇരിക്കൂർ നിയോജക മണ്ഡലം മുസ്ലിം ലീഗ് ജനറൽ സെക്രട്ടറി ടി എൻ എ ഖാദർ, നടുവിൽ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡൻറ് എൻ യു അബ്ദുള്ള സന്ദർശിച്ചു.

ഹോമിയോ കോഴ്സിലെ കൗൺസിലിംഗിന്റെ കാലതാമസം ഒഴിവാക്കണം: ഹോമിയോപ്പതിക് മെഡിക്കൽ അസോ.

കണ്ണൂർ: ഹോമിയോപ്പതി ബിരുദ കോഴ്സിന് വിദ്യാർഥികളുടെ അവസരം നഷ്ടപ്പെടുത്തുന്ന കൗൺസലിംഗിലെ കാലതാമസം ഒഴിവാക്കാൻ സംസ്ഥാന സർക്കാർ സത്വര നടപടികൾ കൈക്കൊള്ളണമെന്ന് ഇന്ത്യൻ ഹോമിയോപ്പതിക് മെഡിക്കൽ അസോസിയേഷൻ (ഐഎച്ച് എംഎ) ഉത്തരമേഖലാ സമ്മേളനം എന്റിച്ച് 2018 ആവശ്യപ്പെട്ടു. ദേശീയ ഹോമിയോപ്പതി കമ്മീഷനിലേക്ക് അംഗങ്ങളെ നാമനിർദേശം ചെയ്യുന്നതിന് പകരം ജനാധിപത്യ രീതിയിലുള്ള തെരഞ്ഞെടുപ്പിലൂടെ ആക്കണമെന്നും സമ്മേളനം കേന്ദ്രസക്കാരിനോട് ആവശ്യപ്പെട്ടു. നിലവിൽ സംസ്ഥാനങ്ങളിൽ നിന്നും നാമനിർദേശം ചെയ്യുന്പോൾ സുതാര്യത ഇല്ലാത്ത അവസ്ഥ നേരിടുന്നുണ്ട്. ഇത് പരിഹരിക്കാൻ ജനാധിപത്യ രീതിയിലുള്ള അഴിമതി രഹിത തെരഞ്ഞെടുപ്പ് മാത്രമാണ് പ്രതിവിധിയെന്ന് സമ്മേളനം ചൂണ്ടിക്കാട്ടി. കണ്ണൂർ മലബാർ റസിഡൻസിയിൽ നടന്ന സമ്മേളനം പി.കെ.ശ്രീമതി എംപി ഉദ്ഘാടനം ചെയ്തു. താരതമ്യേന ചെലവു കുറഞ്ഞതും സാധാരണക്കാരുടെ ചികിത്സ എന്ന നിലയിൽ പ്രചുര പ്രചാരം നേടുകയും ചെയത ഹോമിയോപ്പതി മേഖലയുടെ ഉന്നമനത്തിനാവശ്യമായ എല്ലാ പിന്തുണയും സർക്കാരുകൾ ചെയ്യണം. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ കോർപറേഷനുകളിലും മുനിസിപ്പാലിറ്റികളിലും കൂടുതൽ ഹോമിയോപ്പതി ഡിസ്പെൻസറികൾ ആരംഭിക്കേണ്ടതുണ്ട്. ഇക്കാര്യം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽപെടുത്തി സാധ്യമായതെല്ലാം ചെയ്യുമെന്നും പി.കെ. ശ്രീമതി പറഞ്ഞു. ഇന്ത്യയിൽ ചികിത്സാരംഗത്ത് മുഖ്യസ്ഥാനമുള്ള ഹോമിയോപ്പതി ഇന്ന് ദേശീയവും അന്തർദേശീയവുമായ വലിയ സ്വീകാര്യത നേടിയിട്ടുണ്ടെന്നും അവർ പറഞ്ഞു. സമ്മേളനത്തോടനുബന്ധിച്ച് ഐഎച്ച്എം എ ദേശീയ സുരക്ഷാ പദ്ധതിയുടെ ഉദ്ഘാടനം കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. സുമേഷ് നിർവഹിച്ചു.

സമ്മേളനത്തിന്റെ ഭാഗമായി നടന്ന ശാസ്ത്രസെമിനാറിൽ മുംബൈ ഹോമിയോപ്പതിക് മെഡിക്കൽ കോളജ് അസി. പ്രഫസർ ഡോ. രവി ഡോക്ടർ പ്രബന്ധം അവതരിപ്പിച്ചു. വിവിധ രോഗങ്ങൾക്ക് ഹോമിയോപ്പതി ഗവേഷണങ്ങളിലൂടെ വികസിപ്പിച്ച ഔഷധങ്ങൾ, ചികിത്സാ രീതികൾ എന്നിവയെ കുറിച്ചും മാറുന്ന കാലത്തിൽ പുതുതായി ഉണ്ടായേക്കാവുന്ന രോഗങ്ങളെ കുറിച്ചും അവയുടെ പ്രതിരോധത്തെകുറിച്ചും ഡോ. രവി ഡോക്ടർ വിശദീകരിച്ചു. ശാസ്ത്ര സെമിനാർ ഐ.എച്ച്എംഎ. സ്കൂൾ ഓഫ് ഹോമിയോപ്പതി ഡയറക്ടർ ജനറൽ ഡോ. രാജേഷ് കുമാർ ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി അഞ്ഞൂറിലേറെ ഡോക്ടർമാർ പങ്കെടുത്തു. ദേശീയ പ്രസിഡന്റ് ഡോ. വി.കെ. അജിത് കുമാർ, സെക്രട്ടറി ജനറൽ ഡോ. അരുൾവാണൻ, സംസ്ഥാന പ്രസിഡന്റ് ഡോ. എം.ഇ.പ്രശാന്ത് കുമാർ, സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മായാറാണി സേനൻ, ഡോ. മുഹമ്മദ് ഷമീം, ഡോ. റാഷിദ് അബ്ദുള്ള എന്നിവർ പ്രസംഗിച്ചു.

ശീട്ടുകളി: നാല് പേർ അറസ്റ്റിൽ

പയ്യാവൂർ:പണം വച്ച് ശീട്ടുകളി കളിക്കുകയായിരുന്ന നാല് ആളുകളെ കാഞ്ഞിരക്കൊല്ലി ചിറ്റാരിയിലെ റബ്ബർ തോട്ടത്തിൽ വച്ച് അറസ്റ്റ് ചെയ്തു. ശീട്ടുകളിച്ച അംബുക്കാക്ഷൻ മുളന്താനത്ത്, ഹുസൈൻ പാറമ്മൽ, ഗോപി മുളന്താനത്ത്, ജോബി കുരിശു മൂട്ടിൽ എന്നിവരെ പയ്യാവൂർ എസ് ഐ ജോൺസൺ ടി.സഖറിയാസ് അറസ്റ്റു ചെയ്തു.പ്രതികളിൽ നിന്നും 3500 രൂപയും പിടികൂടി കേസ്സെടുത്തു.

ചിത്രരചന മത്സരം

പാനൂർ: ചൊക്ലിയിലെ ജസ്റ്റ് സാംസ്കാരിക വേദിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഉത്തരമേഖല ചിത്രരചന മത്സരം ചിത്രകാരി കലൈമാമണി സതി ശങ്കർ ഉദ്ഘാടനം ചെയ്തു. ജസ്റ്റ് പ്രസിഡണ്ട് കെ.പി ദയാനന്ദൻ അധ്യക്ഷത വഹിച്ചു. അഡ്വ: പി കെ രവീന്ദ്രൻ, ഷാജി എം ചൊക്ലി ,കെ എം ഗംഗാധരൻ , ഹാരിസ് എൻ.വി ,കെ.പി ശ്രീജയബാബു,കെ.പ്രദീപ് കുമാർ പ്രസംഗിച്ചു. 200 ലധികം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. 25 വൈകുന്നേരം 3 മണിക്ക് രാമവിലാസം ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടക്കുന്ന നെഹ്റു അനുസ്മരണ യോഗത്തിൽ വച്ച് ഡോ. വി രാമചന്ദ്രൻ എംഎൽ എ സമ്മാനദാനം നിർവ്വഹിക്കും.

സൗജന്യ നേത്രപരിശോധനയും തിമിര രോഗ നിർണ്ണയ ക്യാമ്പും ഇന്ന്

പയ്യാവൂർ: സംസ്ക്കാര വായനശാല, കുടുംബശ്രീ എ ഡി എസ്, പയ്യാവൂർ പിഎച്ച്സി, ജില്ലാ അന്ധതാ നിവാരണ സൊസൈറ്റി, സഞ്ചരിക്കുന്ന നേത്രചികിത്സാ വിഭാഗം എന്നിവയുടെ നേതൃത്വത്തിൽ ചാമക്കാൽ ഗവ.എൽ പി സ്കൂളിൽ സൗജന്യ നേത്രപരിശോധനയും തിമിര രോഗ നിർണ്ണയ ക്യാമ്പും നടത്തും. ഇന്ന് രാവിലെ 10ന് പയ്യാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡെയ്സി ചിറ്റൂഷറമ്പിൽ ഉദ്ഘാടനം ചെയ്യും. പയ്യാവൂർ ഗ്രാമപഞ്ചായത്ത് അംഗം കെ.ടി.അനിൽകുമാർ അധ്യക്ഷത വഹിക്കും.

വാർഷിക കൺവെൻഷൻ

കൂത്തുപറമ്പ്: ആധാരമെഴുത്ത് അസോസിയേഷൻ കൂത്തുപറമ്പ് യൂനിറ്റ് വാർഷിക കൺവെൻഷൻ എ.അച്ചുതന്റെ അദ്ധ്യക്ഷതയിൽ എം.സുധാകരൻ ഉദ്ഘാടനം ചെയ്തു.സംസ്ഥാന വനിതാ വിഭാഗം ചെയർപെഴ്സൺ എ ലക്ഷ്മി സജീവൻ കല്ലി ക്കണ്ടി, പി.കെ.അരവിന്ദാക്ഷൻ' എം.എ.മോഹൻ ഭാസ് ടി.ജെ ആന്റണി, രാധാകൃഷ്ണൻ പാനിശ്ശേരി ,കെ.കെ.സന്തോഷ് എന്നിവർ പ്രസംഗിച്ചു.

ഭക്ഷണത്തിന്റെ രുചിക്കല്ല, ആരോഗ്യത്തിനാണ് പ്രാധാന്യം നൽകേണ്ടത്: കെ കെ ശൈലജ ടീച്ചർ

കണ്ണൂർ:രുചി മാത്രം നോക്കി ആഹാരം കഴിക്കുന്ന ശീലമാണ് ഇന്നുള്ളതെന്നും അത് ഒഴിവാക്കി ആരോഗ്യകരമായ ആഹാരം കഴിക്കുന്ന ശീലം വളർത്തിയെടുക്കണമെന്നും ആരോഗ്യ വകുപ്പ് മന്ത്രി കെ കെ ശൈലജ ടീച്ചർ. ആയുർശ്രീ ആയുഷ് ഗ്രാമം പദ്ധതി 201819ന്റെ ഭാഗമായി മട്ടന്നൂർ നഗരസഭയിലെ കുടുംബശ്രീ അംഗങ്ങൾക്കായി സംഘടിപ്പിച്ച ലഘുഭക്ഷണ നിർമ്മാണ പരിശീലനത്തിന്റെ ഉദ്ഘടനം നിർവഹിച്ച് സംസാരിക്കുകയിരുന്നു മന്ത്രി. മട്ടന്നൂർ നഗരസഭാ ചെയർപേഴ്സൺ അനിത വേണു ചടങ്ങിൽ അധ്യക്ഷയായി. സ്ഥിരം സമിതി അധ്യക്ഷന്മാരായ വി പി ഇസ്മയിൽ, എം റോജ, കൗൺസിലർ മുബീന ഷാഹിദ്, ജില്ലാ മെഡിക്കൽ ഓഫീസർ (ഭാരതീയ ചികിത്സാ വകുപ്പ്) എസ് ആർ ബിന്ദു, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, കുടുംബശ്രീ സി ഡി എസ് പ്രവർത്തകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ജില്ലാ വ്യവസായ വകുപ്പ് ചിത്രരചനാ മത്സരം നടത്തി

കണ്ണൂർ: ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കൈത്തറി മേഖലയുടെ പ്രചാരണത്തിന്റെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് ചിത്രരചനാ മത്സരം നടത്തി. കണ്ണൂർ മുനിസിപ്പൽ ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന മത്സരം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. പി.കെ ശ്രീമതി എം.പി അധ്യക്ഷയായി. എൽ.പി വിഭാഗത്തിൽ 271, യു.പി വിഭാഗം 91, എച്ച്.എസ് വിഭാഗം 20 എന്നിങ്ങനെ ആകെ 382 കുട്ടികളാണ് മത്സരത്തിൽ പങ്കെടുത്തത്. ചടങ്ങിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എൻ അനിൽകുമാർ സ്വാഗതം പറഞ്ഞു. കോർപറേഷൻ കൗൺസിലർ അഡ്വ. ലിഷ ദീപക്, ഡി.ഡി.ഇ നിർമലാ ദേവി ടി.പി, പി.വി അബ്ദുൽ റാജിബ്, പ്രകാശ്ബാബു എന്നിവർ സംസാരിച്ചു. സാഹിൽ മുഹമ്മദ് നന്ദി പറഞ്ഞു. മത്സരത്തിൽ പങ്കെടുത്ത മുഴുവൻ വിദ്യാർഥികൾക്കും ജില്ലാ വ്യവസായ കേന്ദ്രം പങ്കാളിത്ത സർട്ടിഫിക്കറ്റ് നൽകി.

പായം സർവ്വീസ് സഹകരണബാങ്ക് ലിമി.
നമ്പർ എഫ് 1501, പി ഒ പായം, കണ്ണൂർ ജില്ല- 670704
എച്ച് ഒ: പായം, ഫോൺ 0490 2450277, 2451977

ക്വട്ടേഷനുകൾ ക്ഷണിക്കുന്നു

ബാങ്കിന്റെ ഹെഡ് ഓഫീസിലും ശാഖകളിലും സി സി ടി വി ക്യാമറകൾ സ്ഥാപിക്കുന്നതിനായി മൽസരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.
കുറിപ്പ്
എല്ലാ ക്വട്ടേഷനുകളും ഡിസമ്പർ 5ന് വൈകുന്നേരം 5 മണിക്ക് മുമ്പായി ബാങ്ക് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷനുകളിൽ ഉൾപ്പെടുത്തേണ്ട വിശദാംശങ്ങൾ അറിയുന്നതിന് ബാങ്ക് സെക്രട്ടറിയുമായി ബന്ധപ്പെടേണ്ടതാണ്.
മൊബൈൽ : 9846509112
പായം
19.11.2018
കല്പനപ്രകാരം
സെക്രട്ടറി(ഒപ്പ്)